വീട് 12



എ.എം.ഫൈസൽ

# കോണിപ്പടികൾ

## ഭംഗിയുള്ളതും ഈടുറ്റതുമായി കോണിപ്പടികൾ ഒരുക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം



വീടുകളുടെ അകത്തളങ്ങളിലെ അലങ്കാരം തന്നെയാണ് അനുയോജ്യമായ ഒരു സ്റ്റെയർ. പഴമയിലെ ഒട്ടുമിക്ക വീടുകളിലെയും കോണിപ്പടികൾ ഏതാണ്ട് ഒരേ ശൈലിയിലായിരുന്നെങ്കിൽ ഇന്ന് കഥയാകെ മാറി. മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി വിവിധ കാഴ്ചപ്പാടുകളോടെ, തികച്ചും വ്യത്യസ്ത ശൈലികളോടെയാണ് ഇവ ആധുനിക വീടുകളിൽ നിർമിക്കപ്പെടുന്നത്.

ഒഴിച്ചുകൂടാനാവാത്ത ഒരാവശ്യം എന്നതിൽ കവിഞ്ഞു നമ്മുടെ സ്വപ്നഭവനത്തിന്റെ മാറ്റ് കൂട്ടുന്ന പ്രധാന ഘടകമാണ് ഇവ. അതായത് അനുയോജ്യമായി പണി കഴിച്ച ഒരു സ്റ്റെയർകെയ്സ് നമ്മുടെ വീടിനു തീർച്ചയായും ഒരലങ്കാരമാണ്. ഒട്ടു മിക്ക വീടുകളുടെയും അകത്തളങ്ങളുടെ ശിൽപചാരുതയും പ്രൗഢിയും എടുത്തു കാണിക്കുന്നതിനുള്ള ഉത്തമ മാർഗവും കൂടിയാണ് ഇവ.

വീടിന്റെ ഡിസൈൻ ശൈലിക്കും ഇന്റീരിയർ കോൺസെപ്റ്റിനും അനുസരിച്ചാണ് സ്റ്റെയറുകൾ രൂപകൽപന ചെയ്യേണ്ടത്. കോമൺ ഏരിയയിൽ ഡൈനിങ്ങ് സ്പേസിനോട് ചേർന്നാണ് സാധാരണ സ്റ്റെയറുകൾ നൽകാറുള്ളത്. നല്ല രീതിയിൽ അലങ്കരിച്ച ഡൈനിങ്ങ്/ലിവിങ്ങ് സ്പേസും അതിനോട് ചാരി അതിമോഹനമായ ഒരു സ്റ്റെയറും വീടിനുള്ളിലേക്ക് വരുന്ന ഏതൊരു അതിഥിയുടെയും മനം കുളിർക്കുന്ന കാഴ്ച തന്നെയാണ്.

കോമൺ ഏരിയകളിൽ നിന്നെല്ലാം കാഴ്ച ലഭിക്കുന്ന രീതിയിൽ സ്റ്റെയറുകൾ നൽകുന്നതാണ് ഉചിതം. വീടിന്റെ വലിപ്പവും അകത്തളത്തിന്റെ സ്ഥലപരിമിതിയും അനുസരിച്ച് അനുയോജ്യമായാണ് സ്റ്റെയറുകൾ നൽകേണ്ടത്. ഡിസൈൻ കോൺസെപ്റ്റിനനുസരിച്ചു സ്ട്രെയ്റ്റ് ആയിട്ടും പിരിയൽ ഗോവണി ആയിട്ടും വൃത്താകൃതിയിലും സ്റ്റെയറുകൾ നൽകാറുണ്ട്. ക്ലോക്ക് ദിശയിൽ പടികൾ കയറി വരുന്ന ശൈലിയിൽ സ്റ്റെയറുകൾ ക്രമീകരിക്കുന്നതാണ് അഭികാമ്യം. ആർകിറ്റെക്ച്ചർ റൂൾ പ്രകാരം 15 സെന്റിമീറ്റർ മുതൽ 19 സെന്റിമീറ്റർ വരെയാണ് ഒരു സ്റ്റെപ്പിനു ഉയരം കണക്കാക്കുന്നത്. റൂമിന്റെ ഉയരത്തിനനുസരിച്ചാണ് സ്റ്റെയറിന്റെ ഉയരവും സ്റ്റെപ്പുകളുടെ എണ്ണവും കണക്കാക്കേണ്ടത്. സ്റ്റെയറുകളുടെ മിനിമം വീതി 90 സെന്റിമീറ്റർ ആയാണ് നൽകാറുള്ളത്. സാഹചര്യങ്ങൾക്കും ഉപയോഗ ലക്ഷ്യങ്ങൾക്കും അനുസരിച്ച് ഈ അളവിൽ മാറ്റം വരാം.

മുമ്പ് കൂടുതലായും കോൺക്രീറ്റിലായിരുന്നു സ്റ്റെയറുകൾ പണി കഴിച്ചിരുന്നത്. പക്ഷെ ഇപ്പോൾ അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് ഇവ അണിഞ്ഞൊരുങ്ങുന്നത്. ഭാരമേറിയ ഒരു സ്റ്റ്രക്ച്ചറിൽ നിന്നും മാറി പ്രായോഗികവും ആകർഷകവുമായ ലെയ്റ്റ് വെയ്റ്റ് ഡിസൈനുകളിലേക്ക് സ്റ്റെയറുകൾ മാറി.

വീടിന്റെ ഡിസൈനിംഗ് ശൈലിക്കനുസരിച്ചു കോൺക്രീറ്റ്, വുഡ്, മെറ്റൽ തുടങ്ങി വ്യത്യസ്ത മെറ്റീരിയലുകൾ കൊണ്ടാണ് സ്റ്റെയറുകൾ നിർമിക്കപ്പെടുന്നത്. മെറ്റൽ സ്റ്റെയറുകളാണെങ്കിൽ സൗകര്യാർത്ഥം അതിനു മുകളിൽ മാർബിൾ, ഗ്രാനൈറ്റ്, വുഡ്, ഗ്ലാസ്സ് തുടങ്ങിയ മെറ്റീരിയലുകൾ കൊണ്ട് ഡിസൈൻ കോൺസെപ്റ്റിനനുസരിച്ചു ആകർഷകമായി സ്റ്റെയറുകൾ ഒരുക്കാവുന്നതാണ്. ഡിസൈൻ പ്രകാരം സ്റ്റെയറിനും ഇന്റീരിയർ ശൈലിക്കും അനുസരിച്ചാണ് സ്റ്റെയറിൽ ഹാർഡ്റെയിലുകൾ ഘടിപ്പിക്കേണ്ടത്. കോൺക്രീറ്റ്, സ്റ്റീൽ, ഏക പൈപ്പ്, വുഡ്, ഗ്ലാസ് എന്നിവയിലൊക്കെ ആകർഷകമായി ഹാർഡ്റെയിലുകൾ നിർമിക്കാറുണ്ട്. കൂടാതെ, സ്റ്റീൽ റോപ്, കയർപിരി എന്നിവയാലും ഹാർഡ്റെയിലുകൾ അലങ്കരിക്കാറുണ്ട് ആധുനിക വീടുകളിൽ. സ്റ്റെയറിനോടനുബന്ധിച്ചുള്ള ചുമരിൽ അനുയോജ്യമായ വാൾ പിക്ച്ചറുകൾ, ഇൻബിൻറ്റ് ലൈറ്റുകൾ എന്നിവ നൽകുന്നതും ഈ ഭാഗത്തിന്റെ മാറ്റ് വർദ്ധിപ്പിക്കാൻ നല്ലതാണ്.

സ്റ്റെയറിനോട് ചേർന്ന് ഗ്രൗണ്ട് ഫ്ളോറിലോ, ഫസ്റ്റ് ഫ്ളോറിലോ നൽകാറുള്ളത്. ഡിസൈൻ കോൺസെപ്റ്റിനനുയോജ്യമായി സ്റ്റെയർ ലാന്റിങ്ങിലും ഒരു ഭംഗിയുള്ള സ്റ്റഡി ഏരിയയോ, ലൈബ്ര



റിയോ ഒരുക്കാവുന്നതാണ്. ആവശ്യത്തിനു കാറ്റും വെളിച്ചവും ലഭിക്കുന്ന എല്ലാ ഭാഗത്തു നിന്നും കാഴ്ച കിട്ടുന്ന സ്ഥലം ആണ് സ്റ്റഡി ഏരിയക്ക് ഏറ്റവും അനുയോജ്യം. സ്റ്റഡി ഏരിയക്കനുബന്ധമായി പുസ്തകങ്ങളും മറ്റും വെക്കാനുള്ള ഒരിടവും ഒരു ചെറിയ ലൈബ്രറി സ്പേസും നൽകുന്നത് അഭികാമ്യമാണ്. ക്ലേ ടൈലുകൾ, വുഡൻ ടൈലുകൾ പോലത്തെ നാച്ചുറൽ മെറ്റീരിയലുകൾ ഉപയോഗിക്കുന്നതാണ് ഉചിതം. ഉപയോഗിക്കുന്ന ആളിന് പോസിറ്റീവ് എനർജി ലഭിക്കുന്ന രീതിയിലായിരിക്കണം ഇവ ക്രമീകരിക്കേണ്ടത്. പഠനവുമായി ബന്ധപ്പെട്ട, ബുദ്ധിപരവും മാനസികവുമായ വളർച്ചയെ ത്വരിതപ്പെടുത്തുന്ന പിക്ച്ചറുകൾ കൊണ്ട് ചുമരും അലങ്കരിക്കാവുന്നതാണ്.

(ലേഖകൻ, മഞ്ചേരിയിലെ
നിർമാൺ ഡിസൈനേഴ്സ് ഡയറക്ടറാണ്.)

email: admin@nirmandesign.com